ഡബ്ല്യു പി1 - 21022/2013

ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം.
തീയതി: 2 /06/2014

## സർക്കുലർ നമ്പർ ഡബ്ല്യു.പി. - 25/14

ഇളവുകളടക്കം 10 വർഷം ശിക്ഷ പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരുടെ മോചനം പരിഗണിക്കുന്നതിനായി 295 തടവുകാരുടെ വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി മേൽപ്പറഞ്ഞ ലിസ്റ്റിലുൾപ്പെട്ട തടവുകാരുടെ കേസുകൾ ജയിൽ ഉപദേശക സമിതിയുടെ പരിഗണനയ്ക്ക് വിധേയമായി ഒരു മാസത്തിനകം പുതിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ താങ്കളുടെ ജയിലിലെ ഉപദേശക സമിതി യോഗം ഉടനടി ചേരുന്നതിനും ടി ലിസ്റ്റിൽ ഉൾപ്പെട്ട തടവുകാരുടെ കേസുകൾ കൂടി പ്രിസൺ റൂൾ 545 പ്രകാരം യോഗ്യത നേടിയ മറ്റു തടവുകാരുടെ കേസിനോടൊപ്പം പരിഗണനയ്ക്ക് സമർപ്പിച്ച് ഉപദേശക സമിതിയുടെ ശുപാർശ ഉടൻ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

10 വർഷക്കാരുടെ ലിസ്റ്റിൽ ഉൾപ്പെട്ട തടവുകാരുടെ ഫയലുകൾ സർക്കാരിൽ നിന്നും തിരിച്ചു നൽകിയിട്ടുണ്ട്. ടി ഫയലുകൾ ജയിൽ ആസ്ഥാന കാര്യാലയത്തിൽ നിന്നും എടുക്കേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു.

for ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ഡയറക്ടർ സിക്ക, തേവൻകോട്
സൂപ്രണ്ട്, സെൻട്രൽ ജയിൽ, തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ.
വനിതാ ജയിൽ, തിരുവനന്തപുരം/വിയ്യൂർ/കണ്ണൂർ.
തുറന്ന ജയിൽ, നെട്ടുകാൽത്തേരി/ചീമേനി.

DNS/02/06/14